(ഇ) എച്ച്.ഡി.എസ്. മുഖാന്തിരം നടത്തുന്ന പരിശോധനാ സൗകര്യങ്ങൾക്ക് രോഗികളിൽനിന്നും സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള മിതമായ ചാർജ്ജ് ഈടാക്കുന്നു. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ചാർജ്ജ് ഈടാക്കുന്നില്ല.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1361) വാർഷിക വളർച്ചാ നിരക്ക്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീമതി രാധാ രാഘവൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം സംസ്ഥാനത്തിന്റെ വാർഷിക വളർച്ച എത്ര ശതമാനമാണ്;

(ബി) ഇതു ഇൻഡ്യയുടെ വാർഷിക വളർച്ചയെക്കാൾ കൂടുതലാണോ കുറവാണോ എന്നു പറയുമോ;

(സി) കുറവാണെങ്കിൽ സംസ്ഥാനത്തിന്റെ വാർഷിക വളർച്ച ഇൻഡ്യയുടെ വാർഷിക വളർച്ചക്കൊപ്പമെത്തണമെങ്കിൽ അടുത്ത രണ്ടു വർഷങ്ങളിലെ ഓരോ വർഷവും എന്തുതുക വീതം മുതൽ മുടക്കേണ്ടതുണ്ടെന്ന് പറയാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിലെ വളർച്ച നിരക്ക് 1996-97-ൽ 7.1 ശതമാനവും 1997-98-ൽ 6.6. ശതമാനവുമായിരുന്നു. (1998-99 ലെ കണക്കുകൾ ലഭ്യമായിട്ടില്ല).

(ബി) 1996-97-ലെ ദേശീയ ശരാശരി വളർച്ചാനിരക്കായ 7.5 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ വളർച്ചനിരക്കിൽ (7.1 ശതമാനം) നേരിയ കുറവുണ്ട്. എന്നാൽ 1997-98-ൽ കേരളത്തിലെ വളർച്ചാനിരക്ക് (6.6 ശതമാനം) ദേശീയ ശരാശരിയായ 5 ശതമാനത്തിനേക്കാൾ കൂടുതലായിരുന്നു.

(സി) കേരളത്തിലെ കഴിഞ്ഞ രണ്ടു വർഷത്തെ ശരാശരി വളർച്ചാ നിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലായിരുന്നു.

2 (1362) പദ്ധതിയിനത്തിൽ ചെലവഴിക്കുന്ന തുക

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 സാമ്പത്തിക വർഷത്തിൽ മാർച്ച് 31 വരെ പദ്ധതിയിനത്തിൽ എന്തുതുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly